“ഭരണഭാഷ - മാതൃഭാഷ”

# കേരള ഡെന്റൽ കൗൺസിൽ

www.dentalcouncil.kerala.gov.in registrar.kdc@kerala.gov.in

നം.പി. രജി./8275/കെ.ഡി.സി. 16/06/2026

സ്വീകർത്താവ്,

**Principals of all Dental Colleges.**

സർ/മാഡം,

വിഷയം:- കേരള ഡെന്റൽ കൗൺസിൽ - ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനാൽ പ്രൊവിഷണൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ വിദ്യാർത്ഥികൾ തന്നെ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണെന്നും ഫീസ് റീഫണ്ട് ചെയ്യില്ല എന്നും അറിയിക്കുന്നത് - സംബന്ധിച്ച്.

കേരള ഡെന്റൽ കൗൺസിലിൽ 22/05/2026-ന് ഓൺലൈൻ സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ കൗൺസിലിൽ നിന്നും നല്കി വരുന്ന എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺലൈൻ വഴി മാത്രമാണ് നല്കേണ്ടത്. ഇത് സംബന്ധിച്ച അറിയിപ്പ് നിരവധി തവണ വെബ് സൈറ്റ് വഴി നല്കിയിട്ടുള്ളതും പ്രസ്തുത അറിയിപ്പ് സൈറ്റ് ആക്സസ് ചെയ്യുമ്പോൾ തന്നെ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ ഇപ്പോഴും നിലനിൽക്കുന്നതുമാണ്.

എന്നാൽ തപാൽ വഴി നിരവധി അപേക്ഷകൾ ഇപ്പോഴും കൗൺസിലിൽ ലഭിച്ചുവരുന്ന സാഹചര്യത്തിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകളും ഓൺലൈനായി തന്നെ നല്കേണ്ടതാണെന്നും ഇനിമുതൽ കോളേജ് അധികൃതർ വഴി പ്രൊവിഷണൽ രജിസ്ട്രേഷനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ലെന്നും പ്രസ്തുത അപേക്ഷകൾ വിദ്യാർത്ഥികൾ തന്നെ ഓൺലൈനായി സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു. കൂടാതെ തപാൽ വഴി നല്കുന്ന അപേക്ഷകൾ സ്വീകരിക്കുകയോ, അതോടൊപ്പം ഒടുക്കുന്ന ഫീസ് റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ലെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Sreelal

രജിസ്ട്രാർ

ടി.സി 27/741(3), അമ്പലത്തുമുക്ക്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, കേരള - 695 035
ഫോൺ : 0471-2478759